(ഡി) നിലവിലുള്ള ഏതെല്ലാം നിയമനങ്ങൾക്കാണ് കമ്മീഷൻ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(ഇ) കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ നാളിതുവരെ എന്തെല്ലാം തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) കമ്മീഷന്റെ ഏതെങ്കിലും ശുപാർശകൾ സർക്കാർ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ടോ ;

(ജി) കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കമ്മീഷന്റെ റിപ്പോർട്ട് 20-2-2009-ന് സർക്കാരിന് സമർപ്പിച്ചു.

(ബി-ഡി) 20-2-2009-ന് സർക്കാരിന് സമർപ്പിച്ച 1164 പേജ് വരുന്ന മൂന്ന് വാല്യങ്ങളുള്ള കമ്മീഷന്റെ പൂർണ്ണ റിപ്പോർട്ടിൽ വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന 104 കരട് ബില്ലുകളുണ്ട്. അവയിൽ 65 ബില്ലുകൾ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും 30 ബില്ലുകൾ നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും 9 ബില്ലുകൾ നിലവിലുള്ള ചട്ടങ്ങളും റഗുലേഷനുകളും ഭേദഗതി ചെയ്യുന്നതിനുമുള്ളതാണ്. കാലഹരണപ്പെട്ട 107 നിയമങ്ങൾ റദ്ദാക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്.

(ഇ-ജി) സുപ്രധാനമായ പല കണ്ടെത്തലുകളും ഉള്ള കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 31-3-2010-ലെ ജി.ഒ.(എം എസ്.) നം.62/2010 എന്ന ഉത്തരവിലൂടെ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

264 (861) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. രാഘവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) ബഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെട്ടിടം നിർമ്മിക്കാത്തതാണ് ബഞ്ച് സ്ഥാപിക്കുന്നതിന് തടസ്സമെന്ന കേന്ദ്ര നിയമ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഹൈക്കോടതി ബഞ്ച് സ്ഥാപിച്ചു കിട്ടാൻ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) 16-8-2006-ൽ സംസ്ഥാന മന്ത്രിസഭായോഗം, തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി കേരള ഹൈക്കോടതി ബഹു. ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടുവന്നു. കേരള നിയമസഭ ഇക്കാര്യത്തിൽ രണ്ട് പ്രാവശ്യം ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ചെയ്തു. 2007-ജനുവരിയിൽ ബഹു. കേരള മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയേയും കേന്ദ്ര നിയമ മന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. 14-12-2007-ൽ ബഹു. കേരള ചീഫ് ജസ്റ്റിസ് അഭ്യർത്ഥന നിരസിച്ചതിനെത്തുടർന്ന് 27-12-2007 -ലെ മന്ത്രിസഭാ യോഗം ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് തീരുമാനം പുന : പരിശോധിക്കുവാനും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു. തദനുസരണം 29-1-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ അർദ്ധഔദ്യോഗിക കത്തും, 4-2-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ കത്തും അനുസരിച്ച് കേരള ചീഫ് ജസ്റ്റിസിനോടും കേന്ദ്രസർക്കാരിനോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 25-3-2008-ൽ ബഹു. മുഖ്യമന്ത്രിയും നിയമമന്ത്രിയും ഇതിലേക്കായി പൂർണ്ണമായ ഒരു നിർദ്ദേശം ബഹു. കേരള ഗവർണ്ണർക്ക് സമർപ്പിച്ചു. കൂടാതെ ബഹു. മുഖ്യമന്ത്രിയും ബഹു. പ്രതിപക്ഷനേതാവും നയിച്ച സർവ്വകക്ഷിസംഘം 30-4-2008-ൽ ബഹുമാന്യയായ ഇന്ത്യൻ പ്രസിഡന്റിനെയും 15-4-2008-ൽ ബഹു. പ്രധാന മന്ത്രിയേയും കണ്ട് അതേ നിർദ്ദേശം സമർപ്പിച്ചിട്ടുമുണ്ട്. മാത്രമല്ല തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് അനുകൂല ഉത്തരവ് ഉണ്ടാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുവാനും ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് 4-12-2008-ൽ ബഹു. മുഖ്യമന്ത്രി ഒരു അർദ്ധ ഔദ്യോഗിക കത്തും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടെ ശുപാർശ കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബഹു. കേരള ചീഫ് ജസ്റ്റിസിനെ ബോധ്യപ്പെടുത്തിയതിനുശേഷം ആവശ്യപ്പെട്ടാൽ പരിഗണിക്കാമെന്നാണ് 16-2-2009-ലെ D.O. Lr. K-No.18/1/2008 US1 കത്ത് മുഖാന്തിരം ബഹുമാനപ്പെട്ട കേന്ദ്ര നിയമമന്ത്രി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയെ അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സാധ്യമാകുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ദേശീയ ഗെയിംസിന് അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള സംവിധാനം

265 (862) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്രം നാളിതുവരെ എത്ര തുക സംസ്ഥാന സർക്കാരിന് ധനസഹായമായി നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ ഏതെങ്കിലും ഏജൻസിയെയോ കമ്മിറ്റിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുക ചെലവ് ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഇ) സംസ്ഥാന സർക്കാർ ദേശീയ ഗെയിംസിനായി എത്ര തുക നാളിതുവരെ ചെലവ് ചെയ്തു എന്നറിയിക്കുമോ ;

(എഫ്) പ്രസ്തുത തുക എന്തെല്ലാം കാര്യൾക്കാണ് വിനിയോഗിച്ചതെന്നറിയിക്കുമോ ?

(ജി) പ്രസ്തുത തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്രസർക്കാർ 110 കോടി രൂപ അനുവദിക്കുകയും ആദ്യഗഡുവായി 55 കോടി രൂപ സംസ്ഥാന സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. 35-ാമത് ദേശീയ ഗെയിംസ് ഒരു ബൃഹത് സംരംഭമായതിനാൽ ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ നിർദ്ദേശങ്ങൾക്കനുസരണമായി വ്യക്തമായ രൂപരേഖയോടെ നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് എന്ന പേരിൽ ഒരു സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയും കായിക വകുപ്പുമന്ത്രി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും കൂടാതെ സ്പോർട്സ് ടെക്നിക്കൽ കമ്മിറ്റിയും വർക്ക്സ് ടെക്നിക്കൽ കമ്മിറ്റിയും,

LIBRARY ARCHIVES Kerala Legislative Assembly